ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.06.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഷാങ്ഹായ് പ്രതിരോധമന്ത്രിമാരുടെ യോഗത്തോട് അനുബന്ധിച്ചുള്ള സംയുക്ത പ്രസ്താവനയിൽ ഒപ്പുവയ്ക്കില്ലെന്ന് ഇന്ത്യ.അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഷാങ്ഹായ് രാജ്യങ്ങളോട് ആഹ്വാനം ചെയ്ത് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

**India has reportedly refused to sign a joint declaration at the Shanghai Cooperation Organisation (SCO) Defence Ministers' meeting in Qingdao, China. Defence Minister Rajnath Singh called for decisive action to deal with the challenges posed by radicalization, extremism and terrorism.**

2) ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെടെ യാത്രികരുമായി ആക്സിയം 4 ഇന്ന് വൈകുന്നേരം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തും.

**The Axiom-4 Mission, carrying Group Captain Shukla and three other crew members, is set to dock with the ISS at 4.30 pm today.**

3) ലഹരിക്കെതിരായ പോരാട്ടത്തിൻറെ പ്രാധാന്യം ഓർമപ്പെടുത്തി ഇന്ന് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം. രാജ്യമെങ്ങും വിപുലമായ പരിപാടികൾ.

International Day Against Drug Abuse and Illicit Trafficking is being observed today globally.

4) കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. മലയോരമേഖലകളിൽ പ്രത്യേക ജാഗ്രത. എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

IMD predicts very heavy rainfall in Kerala. Orange alert issued for eight districts.

5) നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് നാളെ സത്യപ്രതിജ്ഞ ചെയ്യും.

Aryadan Shoukath will take oath as Nilambur MLA, tomorrow.

6)ഐക്യരാഷ്ട്രസഭ രക്ഷാ സമിതിയിൽ ഇന്ത്യയ്ക്കെതിരെ പാകിസ്ഥാൻ നടത്തുന്ന വ്യാജ ആരോപണങ്ങൾ തള്ളി ഇന്ത്യ.

India has strongly rejected Pakistan's "nefarious agenda" at the United Nations Security Council (UNSC), accusing Islamabad of attempting to deflect attention from its own human rights violations and state-sponsored cross-border terrorism

$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**FUR. REV. RAJNATH-SCO (INTRO)**

*ഷാങ്ഹായ് പ്രതിരോധമന്ത്രിമാരുടെ യോഗത്തോട് അനുബന്ധിച്ചുള്ള സംയുക്ത പ്രസ്താവനയിൽ ഒപ്പുവയ്ക്കില്ലെന്ന് ഇന്ത്യ. അതിർത്തി കടന്നുള്ള ഭീകരതയെക്കുറിച്ച് സംയുക്ത പ്രസ്താവനയിൽ പരാമർശിക്കാതിനെ തുടർന്നുള്ള അതൃപ്തിയാണ് ഒപ്പുവയ്ക്കാത്തതിന് കാരണം*

*<u>അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഷാങ്ഹായ് അംഗരാജ്യങ്ങളോട് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ആഹ്വാനം ചെയ്തിരുന്നു. ഭീകരവാദത്തിനുള്ള ധനസഹായം ഏതുവിധേനയും ചെറുക്കണമെന്നും ചൈനയിലെ ക്വിങ്ഡാവോയിൽ നടന്ന എസ്സിഒ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം വ്യക്തമാക്കി. അതിർത്തി കടന്നുള്ള ഭീകരതയ്ക്ക് നയപരമായിത്തന്നെ പ്രോത്സാഹനം നൽകിക്കൊണ്ട് ചില രാജ്യങ്ങൾ ഭീകരർക്ക് അഭയം ഒരുക്കുന്നതായും രാജ്യരക്ഷാ മന്ത്രി പറഞ്ഞു. അത്തരം ഇരട്ടത്താപ്പുകൾ അംഗീകരിക്കാനാവില്ലെന്ന് പറഞ്ഞ അദ്ദേഹം, ഭീകരപ്രവർത്തനം ന്യായീകരിക്കാനാവാത്ത കുറ്റമാണെന്നും വ്യക്തമാക്കി . ഷാങ്ഹായ് സഹകരണ സംഘടനയിൽ അംഗങ്ങളായ രാജ്യങ്ങൾ ഈ തിന്മയെ നിസംശയം അപലപിക്കണമെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.</u>*

*<u>(ഹോൾഡ്)</u>*

$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>HEADLINE-2</u>**

**<u>AXIOM-4</u>**

ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശ യാത്രികരുമായി ആക്സിയം 4 ദൗത്യം ഇന്ന് വൈകുന്നേരം 4.30 ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തും. ഫ്ലോറിഡയിലെ കെന്നഡി സ്പെയ്സ് സെൻററിൽ നിന്ന് ഇന്നലെ ഉച്ചയോടെയായിരുന്നു ആക്സിയം-4 ൻറെ വിജയകരമായ വിക്ഷേപണം. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരനായിരിക്കും ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല. രാകേഷ് ശർമയ്ക്ക് ശേഷം, നാല് പതിറ്റാണ്ടുകൾക്കിപ്പുറം ബഹിരാകാശത്തെത്തുന്ന ആദ്യ ഇന്ത്യക്കാരൻ കൂടിയാണ് അദ്ദേഹം. ഇന്ത്യൻ വ്യോമസേനയിലെ ഗ്രൂപ്പ് ക്യാപ്റ്റനായ ശുഭാൻശു ശുക്ല, ആക്സിയം-4 ന്റെ മിഷൻ പൈലറ്റാണ്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>SHAH - DRUG ABUSE</u>**

ഇന്ന് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം. ലഹരിക്ക് അടിമപ്പെടാത്ത അന്താരാഷ്ട്ര സമൂഹം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ലഹരി ഉപയോഗം തടയുന്നതിന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ രാജ്യത്ത് ഈ മാസം 12 മുതൽ സംഘടിപ്പിച്ച് വരുന്ന നശാമുക്ത് ഭാരത് പക്ഷാചരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ നേർന്നു. പരിപാടിയിലെ യുവാക്കളുടെ പങ്കാളിത്തം ലഹരിക്കെതിരായ പോരാട്ടത്തിന് വലിയ പ്രചോദനമാണെന്നും അദ്ദേഹം പറഞ്ഞു. മയക്കുമരുന്ന് സംഘങ്ങളെ തകർത്ത് ലഹരിക്ക് അടിമകളായ യുവാക്കളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടത്തി വരുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സമൂഹ മാധ്യമത്തിൽ കുറിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**INT L DAY AGAINST DRUG ABUSE (INTRO)**

*അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി, ന്യൂഡൽഹിയിലെ അംബേദ്കർ ഇന്റർനാഷണൽ സെന്ററിൽ സംഘടിപ്പിച്ച പരിപാടിയെ , കേന്ദ്രസഹമന്ത്രി ബി.എൽ. വർമ്മ അഭിസംബോധന ചെയ്യു. രാജ്യത്തെ പൂർണമായും ലഹരിമുക്തമാക്കാനുള്ള പ്രവർത്തനമാണ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ നേതൃത്വത്തിൽ നടപ്പാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. നശാമുക്ത് ഭാരത് പക്ഷാചരണത്തിലെ വൻ ജനപങ്കാളിത്തം ലഹരി ഉപയോഗത്തിനെതിരായ മികച്ച നേട്ടമാണെന്നും അദ്ദേഹം വ്യക്തമാക്കി.*

*( വോയിസ്.....)*

$$$$$$$$$$$$$$$$$$$$$$$$$$$$$$

**CM-DRUG**

ലഹരിക്കെതിരെയുള്ള ശക്തമായ പോരാട്ടത്തിൽ, കുട്ടികളാണ് മുൻ നിരയിൽ നിൽക്കേണ്ടതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിൻറെ ഭാഗമായുള്ള സ്കൂൾതല കർമപദ്ധതി അദ്ദേഹം തിരുവനന്തപുരം കോട്ടൻഹിൽ സ്കൂളിൽ ഉദ്ഘാടനം ചെയ്യു. സംസ്ഥാനസർക്കാരിന്റെ 'നോ ടു ഡ്രഗ്സ്' ക്യാമ്പയിൻ അഞ്ചാം ഘട്ടത്തിനും മുഖ്യമന്ത്രി ഇന്ന് തുടക്കം കുറിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**CBSE**

സിബിഎസ്ഇ പത്താം ക്ലാസ് വാർഷിക പരീക്ഷ, അടുത്ത വർഷം മുതൽ രണ്ട് തവണ നടത്താൻ തീരുമാനം. ഫെബ്രുവരിയിൽ നടക്കുന്ന ആദ്യ പരീക്ഷ എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധമാണ്. പ്രകടനം മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്ക് മെയ് മാസത്തിൽ നടക്കുന്ന രണ്ടാമത്തെ പരീക്ഷ എഴുതാം. മൂന്ന് വിഷയങ്ങളിൽ വരെ മാർക്ക് മെച്ചപ്പെടുത്താനാണ് ഇതിലൂടെ അവസരം. .ആദ്യ പരീക്ഷയുടെ ഫലം ഏപ്രിലിലും, രണ്ടാമത്തെ പരീക്ഷാഫലം ജൂണിലും പ്രസിദ്ധീകരിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

# ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-5**

**NILAMBUR OATH**

നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് നാളെ സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകുന്നേരം 3.30 ന് സ്പീക്കർ മുമ്പാകെയാണ് സത്യപ്രതിജ്ഞ.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-4**

**RAIN KERALA**

കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മിക്ക നദികളിലെയും ജലനിരപ്പ് ഉയരുകയാണ്. കനത്ത മഴയെ തുടർന്ന് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. അപകട സാധ്യത കണക്കിലെടുത്ത് നിരവധി പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. ഇടുക്കി ജില്ലയിലെ പൊന്മുടി, കല്ലാർകുട്ടി, ലോവർ പെരിയാർ, മലങ്കര അണക്കെട്ടുകളും കണ്ണൂരിലെ പഴശ്ശി ഡാം, പത്തനംതിട്ടയിലെ മൂഴിയാർ ഡാം തുടങ്ങിയവയും തുറന്നിട്ടുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**WAYANAD RAIN (INTRO)**

*വയനാട് ജില്ലയിൽ അതിതീവ്ര മഴ തുടരുന്ന സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി. പുന്നപ്പുഴയും ബത്തേരി കല്ലൂർപ്പുഴയും കരകവിഞ്ഞൊഴുകുകയാണ്. ബെയ്‌ലി പാലത്തിലേക്കും സമീപ പ്രദേശങ്ങളിലേക്കുമുള്ള പ്രവേശനം നിരോധിച്ചു. മഴയിൽ നിരവധിയിടങ്ങളിൽ കൃഷിനാശവും റിപ്പോർട്ട് ചെയ്തു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്..... (വോയിസ്....)*

$$$$$$$$$$$$$$$$$$$$$$$$$$$$$$

**HP-RAIN**

ഹിമാചൽപ്രദേശിൽ കനത്ത മഴ തുടരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മേഘവിസ്ഫോടനവും, വെള്ളപ്പൊക്കവും മണ്ണിടിച്ചിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മഴക്കെടുതികളിൽ സംസ്ഥാനത്ത് ഇതുവരെ അഞ്ച് മരണം റിപ്പോർട്ട് ചെയ്തു. കൻഗ്രയിൽ, വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ തൊഴിലാളികളിൽ രണ്ട് പേരുടെ മൃതദേഹങ്ങൾ കണ്ടെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$$$$

## Uttarakhand bus accident

ഉത്തരാഖണ്ഡിലെ രുദ്രപ്രയാഗ് ജില്ലയിൽ ടെമ്പോ ട്രാവലർ അളകനന്ദ നദിയിലേക്ക് പതിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിക്കുകയും, 10 പേരെ കാണാതാവുകയും ചെയ്തു. 18 പേരുമായി ഋഷികേശിൽ നിന്ന് ബദരീനാഥിലേക്ക് പോവുകയായിരുന്ന വാഹനമാണ് റോഡിൽ നിന്ന് തെന്നിമാറി അപകടത്തിൽപ്പെട്ടത്. ഏഴ് യാത്രക്കാരെ രക്ഷപ്പെടുത്തിയതായാണ് വിവരം. കനത്ത മഴയാണ് അപകട കാരണമെന്നാണ് പ്രാഥമിക നിഗമനം.

$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

## UNSC – INDIA

ഐക്യരാഷ്ട്ര രക്ഷാ സമിതിയിൽ ഇന്ത്യയ്ക്കെതിരെ പാകിസ്ഥാൻ ദുരുദ്ദേശത്തോടെ നടത്തുന്ന വ്യാജ ആരോപണങ്ങൾ തള്ളി ഇന്ത്യ. മനുഷ്യാവകാശ ലംഘനങ്ങളിൽ നിന്നും, ഭരണകൂട പിന്തുണയോടെയുള്ള അതിർത്തി കടന്നുള്ള ഭീകരവാദത്തിൽ നിന്നും ശ്രദ്ധ തിരിക്കാനാണ് പാകിസ്ഥാൻ ശ്രമിക്കുന്നതെന്ന് യുഎന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി, പി ഹരീഷ് പറഞ്ഞു. കുട്ടികളും, സായുധ സംഘർഷങ്ങളും എന്ന വിഷയത്തിൽ യുഎൻ രക്ഷാ സമിതി നടത്തിയ ചർച്ചയിലാണ് ഇന്ത്യയുടെ ശക്തമായ പ്രതികരണം.

പഹൽഗാം ഭീകരാക്രമണവും, തുടർന്നുണ്ടായ പാക് ഷെല്ലാക്രമണങ്ങളും അതിർത്തി ഗ്രാമങ്ങളിലെ നിരവധി സാധാരണക്കാരുടെ മരണത്തിനും പരിക്കിനും കാരണമായതായും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$

## OPERATION SINDHU

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇറാനിൽ നിന്ന് 272 ഇന്ത്യക്കാരെ കൂടി ന്യൂഡൽഹിയിൽ മടക്കിയെത്തിച്ചു. ദൗത്യത്തിന്റെ കീഴിൽ ഇതുവരെ

ആകെ 3,426 ഇന്ത്യൻ പൗരന്മാരെയാണ് തിരികെയെത്തിച്ചതെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HOCKEY INDIA

ഹോക്കി ഇന്ത്യ മാസ്റ്റേഴ്സ് കപ്പ് പുരുഷ - വനിതാ ഫൈനൽ മത്സരങ്ങൾ നാളെ. വനിതകളുടെ ഫൈനലിൽ ഒഡീഷ പഞ്ചാബിനെ യും പുരുഷ ഫൈനലിൽ ആതിഥേയരായ തമിഴ്നാട് മഹാരാഷ്ട്രയെയും നേരിടും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 428 പോയിൻറ് ഉയർന്ന് 83,184 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 121 പോയിൻറ് നേട്ടത്തിൽ 25,366 ലും വ്യാപാരം തുടരുന്നു. ഗ്രാമിന് 9,070 രൂപയും പവന് 72,560 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$
$$$$$$$$$$
$$$$$$$